**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 352** **18-07-2022 - ൽ മറുപടിയ്ക്ക്**

**കശുവണ്ടി വ്യവസായത്തെ സംരക്ഷിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ഡോ സുജിത് വിജയൻപിള്ള,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീ എം മുകേഷ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കശുവണ്ടി വ്യവസായത്തെ സംരക്ഷിക്കുന്നതിനും പ്രോൽസാഹിപ്പിക്കുന്നതിനുമായി ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | കശുവണ്ടി വ്യവസായ രംഗത്ത് സർക്കാർ നിയന്ത്രണത്തിൽ പൊതുമേഖലയിൽ പ്രവർത്തിക്കുന്ന കശുവണ്ടി വികസന കോർപ്പറേഷൻ, കാപ്പക്സ്, കൂടാതെ സ്വകാര്യ കശുവണ്ടി വ്യവസായ മേഖലയെയും സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി ഈ സർക്കാർ നിരവധി പദ്ധതികൾ ഇതിനകം ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.<br><br>തോട്ടണ്ടിയുടെ ദൗർലഭ്യമാണ് കശുവണ്ടി വ്യവസായം നേരിടുന്ന പ്രധാന പ്രതിസന്ധിയെന്ന് വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ 2017 ൽ രൂപീകരിച്ച കേരളാ കാഷ്യൂ ബോർഡ് മുഖേന കശുവണ്ടി ഉൽപാദക രാജ്യങ്ങളിൽ നിന്നും നേരിട്ട് കശുവണ്ടി ഇറക്കുമതി ചെയ്താണ് കശുവണ്ടി വികസന കോർപ്പറേഷന്റേയും കാപ്പക്സിന്റേയും കീഴിലുള്ള കശുവണ്ടി ഫാക്ടറികൾ പ്രവർത്തിക്കുന്നത്.<br><br>പരമാവധി ഉൽപാദനക്ഷമത കൈവരിക്കുന്നത് ലക്ഷ്യമിട്ട് കശുവണ്ടി വികസന കോർപ്പറേഷനിൽ ഈ വർഷം ആയിരം തൊഴിലാളികളെ പുതുതായി നിയമിക്കുക എന്ന ലക്ഷ്യത്തിന്റെ ഭാഗമായി 535 തൊഴിലാളികളെ ഇതിനോടകം നിയമിച്ചിട്ടുണ്ട്. കൂടാതെ ഭാഗികയന്ത്രവത്ക്കരണത്തിന്റെ ഭാഗമായി ഷെല്ലിംഗ് സെക്ഷനിൽ കട്ടിംഗ് മെഷീനുകളും അത്യാധുനിക ഫില്ലിംഗ് പാക്കിംഗ് മെഷീൻ കോർപ്പറേഷന്റെ അയത്തിൽ ഫാക്ടറിയിലും സ്ഥാപിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കശുവണ്ടി വികസന കോർപ്പറേഷനിൽ നിന്നും 2016 മുതൽ 2021 വരെ വിരമിച്ച തൊഴിലാളികളുടെ ഗ്രാറ്റുവിറ്റി കുടിശ്ശിക |

നൽകുന്നതിനായി 20 കോടി രൂപയും സർക്കാർ നൽകിയിട്ടുണ്ട്.

കൂടാതെ കശുവണ്ടി ഫാക്ടറികളുടെ ആധുനികവത്ക്കരണത്തിനും ഭാഗിക യന്ത്രവത്ക്കരണത്തിനുമായി 2 കോടി രൂപയും, ദേശീയ വിപണിയിലും അന്താരാഷ്ട്ര വിപണിയിലും ബ്രാൻഡ് ബിൽഡിംഗിനും കമ്പോള ബോധവത്ക്കരണത്തിനുമായി 50 ലക്ഷം രൂപയും 2021-22 സാമ്പത്തിക വർഷം കോർപ്പറേഷന് നൽകിയിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷവും ബ്രാൻഡ് ബിൽഡിംഗിനായി 50 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തുകയും ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ കശുവണ്ടി വികസന കോർപ്പറേഷൻ ഫാക്ടറികളുടെ ആധുനികവത്ക്കരണത്തിനും ഭാഗിക യന്ത്രവത്ക്കരണത്തിനുമായി 2022-23 സാമ്പത്തിക വർഷം 5.5 കോടി രൂപ ബജറ്റിൽ വകയിരുത്തിയതിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 2021-22 സാമ്പത്തിക വർഷം 2016 മുതൽ 2020 വരെ വിരമിച്ച തൊഴിലാളികൾക്കും മുൻ വ്യവസായികളുടെ കാലയളവിൽ വിരമിച്ച തൊഴിലാളികൾക്കും ഗ്രാറ്റുവിറ്റി നൽകുന്നതിനായി 9.57 കോടി രൂപ കാപ്പക്സിന് നൽകിയിട്ടുണ്ട്. 2022-23 ലെ പദ്ധതി വിഹിതത്തിൽ ആധുനികവൽക്കരണത്തിനും യന്ത്രവൽക്കരണത്തിനുമായി 3.5 കോടി രൂപയും ബ്രാൻഡ് വികസനത്തിനായി 50 ലക്ഷം രൂപയും വകയിരുത്തുകയും പ്രസ്തുത 50 ലക്ഷം രൂപ കാപ്പക്സിന് റിലീസ് ചെയ്ത് നൽകുകയും ചെയ്തിട്ടുണ്ട്. കശുവണ്ടി തൊഴിലാളികളെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി അടഞ്ഞു കിടന്ന സ്വകാര്യ ഫാക്ടറികളിൽ നിന്നുള്ള 1509 തൊഴിലാളികളെ 2016-21 കാലയളവിൽ കാപ്പക്സിൽ നിയമിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ കശുവണ്ടി വ്യവസായ മേഖല നേരിടുന്ന തോട്ടണ്ടി ദൗർലഭ്യം പരിഹരിക്കുന്നതിനായി സർക്കാർ രൂപീകരിച്ച കേരള കാഷ്യൂബോർഡ് ലിമിറ്റഡ് 2021 വർഷം 12763.402 മെട്രിക് ടൺ തോട്ടണ്ടിയും 2022 ൽ 5691.676 മെട്രിക് ടൺ തോട്ടണ്ടിയും ഇറക്കുമതി ചെയ്ത് കശുവണ്ടി വികസന കോർപ്പറേഷനും കാപ്പക്സിനും നൽകിയിട്ടുണ്ട്. കൂടാതെ കരുതൽ തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിനാവശ്യമായ ടെൻഡർ

| | | | |
|---|---|---|---|
| | | | നടപടികളും സ്വീകരിച്ചിട്ടുണ്ട്. ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നും ഗവൺമെന്റ് മുഖാന്തിരം തോട്ടണ്ടി ഇറക്കുമതി ചെയ്യാനുള്ള സാധ്യത കൂടി കാഷ്യൂബോർഡ് ആരാഞ്ഞു വരുന്നു. കേരള കാഷ്യൂ ബോർഡ് സംഭരിക്കുന്ന തോട്ടണ്ടി പൊതുമേഖലയിലെ കശുവണ്ടി യൂണിറ്റുകൾക്കെന്ന പോലെ സ്വകാര്യ മേഖലയിലെ യൂണിറ്റുകൾക്കും ലഭ്യമാക്കാൻ ബോർഡ് ഉദ്ദേശിക്കുന്നു. ഇതിലൂടെ കശുവണ്ടി വ്യവസായ മേഖലയിലെ തൊഴിലാളികളുടെ തൊഴിൽ ദിനങ്ങൾ തുടർച്ചയായി ഉറപ്പുവരുത്തുന്നതിനും ഇവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും സാധിക്കുന്നതാണ്.<br><br>കൂടാതെ സർക്കാർ തലത്തിൽ രൂപീകരിച്ചിട്ടുള്ള Price Fixation Committee ഓരോ കശുവണ്ടി സീസണിലും നിശ്ചയിക്കുന്ന വിലയിൽ കൃഷി വകുപ്പ്, പട്ടിക ജാതി-പട്ടിക വർഗ്ഗ വികസന വകുപ്പ്, പ്ലാന്റേഷൻ കോർപ്പറേഷൻ, റീഹാബിലി റ്റേഷൻ പ്ലാന്റേഷൻ, സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ, കൊല്ലം ജില്ലാ പഞ്ചായത്തിന്റെ വിവിധ ഫാമുകൾ എന്നിവിടങ്ങളിൽ നിന്നും നാടൻ തോട്ടണ്ടി സംഭരിച്ച് കശുവണ്ടി വികസന കോർപ്പറേഷന്റേയും കാപ്പക്സിന്റേയും കശുവണ്ടി ഫാക്ടറിയിലെ തൊഴിലാളികൾക്ക് ജോലി ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരി ച്ചിട്ടുണ്ട്.<br><br>2021-22 സാമ്പത്തിക വർഷം തോട്ടണ്ടി ഇറക്കുമതിയ്ക്കുള്ള പ്രവർത്തന മൂലധനമായി കേരള കാഷ്യൂ ബോർഡ് ലിമിറ്റഡിന് സർക്കാർ 37.3 കോടി രൂപയും 2022-23 വർഷം 40.85 കോടി രൂപയും നൽകിയിട്ടുണ്ട്.<br><br>കേരളത്തിലെ കശുവണ്ടി വ്യവസായത്തെ പുനരുജ്ജീവിപ്പിക്കുക എന്ന ലക്ഷ്യത്തോടെ, കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനായി രൂപീകരിച്ച കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസിയ്ക്ക് 2022-23 സാമ്പത്തിക വർഷത്തെ ബജറ്റിൽ വകയിരുത്തിയ 715 ലക്ഷം രൂപയ്ക്ക് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | കശുവണ്ടി വ്യവസായ മേഖലയിൽ ബാങ്ക് ലോൺ കുടിശികയുള്ളവർക്ക് പലിശയിളവ് നൽകുന്നതിനും കൂടുതൽ പേർക്ക് തൊഴിൽ നൽകുന്നവരെ പ്രോൽസാഹിപ്പിക്കുന്നതിനും പ്രത്യേകം പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഇതിനായി ബഡ്ജറ്റിൽ തുക നീക്കിവെച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | സ്വകാര്യ കശുവണ്ടി വ്യവസായ മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനും ഉത്തേജിപ്പിക്കുന്ന തിനുമായി ബാങ്ക് ലോൺ കുടിശ്ശികയുള്ളവർക്ക് പലിശയിളവ് നൽകുന്നതിനും തൊഴിൽ നൽകുന്നതിനനുസരിച്ച് പ്രോത്സാഹന പദ്ധതികൾ നടപ്പിലാക്കുന്നതിനുമായി 2022-23 വർഷത്തെ സംസ്ഥാനത്തെ ബജറ്റിൽ 30 കോടി രൂപ |

| | | | |
|---|---|---|---|
| | | | വകയിരുത്തിയിട്ടുണ്ട്. കൂടാതെ ജീവനോപാധികൾ നഷ്ടപ്പെട്ട അവസ്ഥയിലുള്ള ചെറുകിട - ഇടത്തരം കശുവണ്ടി ഫാക്ടറികൾക്ക് പ്രവർത്തന മൂലധനവും ആധുനികവത്ക്കരണത്തിനുള്ള മൂലധന സഹായവും പലിശ സഹായവും നൽകി ഇവയെ പുനരുദ്ധരിപ്പിക്കുന്നതിനായി 7 കോടി രൂപയും 2022-23 ലെ ബഡ്ജറ്റിൽ നീക്കി വച്ചിട്ടുണ്ട്. |
| (സി) | കോവിഡാനന്തരം പൊതു മേഖലയിലെന്നപോലെ സ്വകാര്യ മേഖലയിലും കശുവണ്ടി വ്യവസായം പൂർണ്ണ സജ്ജമാക്കുന്നതിനുതകുന്ന എന്തെല്ലാം നടപടികളാണ് കൈക്കൊള്ളുവാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ; | (സി) | കോവിഡാനന്തരം സ്വകാര്യ കശുവണ്ടി വ്യവസായ മേഖലയെ തകർച്ചയിൽ നിന്നും കരകയറ്റുന്നതിനായി മുൻ സർക്കാർ പ്രഖ്യാപിച്ച പുനരുദ്ധാരണ പാക്കേജിന്റെ ഭാഗമായി 'ഒറ്റത്തവണ തീർപ്പാക്കൽ' പദ്ധതി നടപ്പിലാക്കുന്നതിനായി രൂപീകരിച്ച മൂന്നംഗ കമ്മിറ്റി 30.12.2021ൽ വ്യവസായ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിൽ കടക്കെണിയിലായ കശുവണ്ടി വ്യവസായികളും ബാങ്കുകളുടെ പ്രതിനിധിയായ SLBC യും തമ്മിൽ OTS സംബന്ധിച്ച് സമയവായത്തിലെത്തുകയും ഇതേ തുടർന്ന് ഒറ്റത്തവണ തീർപ്പാക്കൽ പ്രഖ്യാപിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു.<br><br>പ്രസ്തുത OTS അംഗീകരിച്ച് ബാങ്കുകളുമായി കരാറിലേർപ്പെടാനുള്ള തീയതി 31.03.2022 ൽ നിന്നും ദീർഘിപ്പിച്ച് നൽകണമെന്ന് നിരവധി നിവേദനങ്ങൾ സർക്കാരിൽ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം അനുഭാവപൂർവ്വം പരിഗണിയ്ക്കുകയും OTS സംബന്ധിച്ച് ബാങ്കുകളുമായി കരാറിലേർപ്പെടാനുള്ള അന്തിമ തീയതി 16.06.2022 ലെ സ.ഉ(സാധാ)നം.562/2022/വ്യവ പ്രകാരം 31.03.2022 വരെ എന്നുള്ളത് 31.12.2022 വരെ എന്ന് ദീർഘിപ്പിച്ച് നൽകുകയും ചെയ്തു.<br><br>കോവിഡാന്തരം സ്വകാര്യ കശുവണ്ടി മേഖലയുടെ പ്രവർത്തനം പൂർണ്ണ സജ്ജമാക്കുന്നതിന് ആവശ്യമായ നടപടികൾ സർക്കാർ തുടരുന്നതാണ്. |
| (ഡി) | നിലവിൽ പൂട്ടിക്കിടക്കുന്ന സ്വകാര്യ കശുവണ്ടി ഫാക്ടറികൾ സർക്കാർ ഏറ്റെടുത്ത് പ്രവർത്തിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ടോ? | (ഡി) | നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ